# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3503 — 12/05/2017 -ൽ മറുപടിയ്ക്ക്.

## പാലിന്റെ പ്രതിദിന ഉപഭോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം. | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാലിന്റെ പ്രതിദിന ഉപഭോഗം എത്രയാണ്; ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നത് എത്രയാണ്, ഇത് ആകെ ഉപഭോഗത്തിന്റെ എത്ര ശതമാനമാണ്; മിൽമ വഴി വിതരണം ചെയ്യുന്നത് എത്ര; മറ്റ് സ്വകാര്യ ഡയറികൾ വഴി എത്ര; | (എ) സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമാണെന്നിരിക്കെ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇത് ആകെ ഉപഭോഗത്തിന്റെ ഏകദേശം 90 ശതമാനമാണ്.<br><br>പാൽ ഉപഭോഗത്തിന്റെ ഏകദേശം 20 ശതമാനം മാത്രമാണ് മിൽമ വഴി വിതരണം ചെയ്യുന്നത്. ബാക്കിയുള്ളവ ക്ഷീരകർഷകർ നേരിട്ടും ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം വഴി സ്വകാര്യ ഡയറികൾ വഴിയും വിതരണം ചെയ്യുന്നുണ്ട്.<br>മിൽമയുടെ ശരാശരി പ്രതിദിന വില്പന 13.15 ലക്ഷം ലിറ്റർ പാൽ ആണ്. മിൽമയ്ക്ക് ലഭിക്കുന്ന പാലിന്റെ ഇൻഡന്റ് പൂർണ്ണമായും പൂർത്തീകരിക്കുവാൻ മിൽമയ്ക്ക് കഴിയുന്നുണ്ട്. |

സ്വകാര്യ ഡയറികൾ വഴി വിതരണം ചെയ്യുന്ന പാലിന്റെ ശരിയായ കണക്കുകൾ ലഭ്യമല്ല.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്കായി ചെലവഴിച്ചത് എത്ര രൂപയാണ്; മുൻ വർഷങ്ങളെ അപേക്ഷിച്ച് പാലുല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 ൽ 100.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2016 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 16.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നിടത്ത് 2017 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 16.68 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. പ്രതിദിനം ഏകദേശം 44000 ലിറ്റർ പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.